# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1162 04.02.2019 ൽ മറുപടിക്ക്**

**ചാലക്കുടി മണ്ഡലത്തിലെ ദേശീയപാത നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ പാത 66 ൽ ചാലക്കുടി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസ്സേജ് നിർമ്മാണം ആരംഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ആയതിന്റെ നിർമ്മാണം എങ്ങുമെത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) കൺസഷൻ എഗ്രിമെന്റിന്റെ ചെയിഞ്ച് ഓഫ് സ്കോപ്പ് (അധിക പ്രവർത്തി) ആയി ചാലക്കുടി കോർട്ട് ജംഗ്ഷനിലെ അണ്ടർ പാസ്സിന്റെ നിർമ്മാണം 2018 മാർച്ച് 25 ആണ് തുടങ്ങിയത്. പ്രസ്തുത നിർമ്മാണത്തിന് ഉദ്ദേശിച്ച പുരോഗതി ഇല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) പ്രസ്തുത നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) ചാലക്കുടി കോടതി ജംഗ്ഷനിൽ അണ്ടർ പാസിന്റെ നിർമ്മാണം പ്രോഗ്രാം ഷെഡ്യൂൾ പ്രകാരം 2019 മേയ് 31 ആണ് പൂർത്തിയാക്കേണ്ടത്. സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം കരാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ